പതിന്നാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1156 — 05/03/2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## സർവ്വേ അദാലത്ത്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ.ജയരാജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർവ്വെ ഓഫീസുകളിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ സമയബന്ധിതമായി തീർപ്പ കൽപ്പിക്കുവാൻ റവന്യൂ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ ; | (എ) ഉണ്ട്. റീസർവ്വേ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിലെ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും തീർപ്പ കൽപ്പിക്കുന്നതിനുള്ള അധികാരം തഹസീൽദാർ (ഭൂരേഖ)യ്ക്ക് നൽകിയിട്ടുണ്ട്. റീസർവ്വേ പരാതികളിന്മേലുള്ള സർവ്വേ ജോലികൾ, റിപ്പോർട്ട്, സ്കെച്ച് എന്നിവ അംഗീകരിക്കുന്നതിനുള്ള അധികാരം ജില്ലാ സർവ്വേ സൂപ്രണ്ടുമാരിൽ നിന്നും താലൂക്ക് സർവ്വേയർമാർക്ക് കൈമാറിയിട്ടുണ്ട്. താലൂക്ക്, ജില്ലാ, സംസ്ഥാനതലങ്ങളിൽ റീസർവ്വേ പരാതി പരിഹാര പുരോഗതി മാസംതോറും അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. |
| (ബി) ഏതെല്ലാം സർവ്വെ ഓഫീസുകളിലാണ് അപേക്ഷകൾ കെട്ടിക്കിടക്കുന്നത്; ഏതൊക്കെ റവന്യൂ ജില്ലകളിൽ സർവ്വേ അദാലത്തുകൾ നടത്തുന്നില്ല എന്ന് അറിയിക്കാമോ;<br>(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർവ്വെ അദാലത്തുകൾ നടത്തിയെന്നും എത്ര അപേക്ഷകളിൽ തീരുമാനം കൈക്കൊണ്ടു എന്നും അറിയിക്കാമോ? | (ബി) & (സി) 2018 ജനുവരി മാസത്തെ റീസർവ്വേ പരാതി പരിഹാര സ്ഥിതി വിവര പത്രിക പ്രകാരം സംസ്ഥാനത്തൊട്ടാകെയുള്ള താലൂക്കുകളിലായി 1,36,476 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ ഒരു ജില്ലയിലും സർവ്വേ അദാലത്ത് നടത്തുന്നില്ല. റീസർവ്വേ പരാതികൾ അതാത് താലൂക്കിലെ എൽ.ആർ.എം. വിഭാഗം മുഖേന പരിശോധിച്ച്, തഹസീൽദാർ (ഭൂരേഖ) തീർപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ